

ചേർപ്പ് ഭഗവതിയുടെ
1438–ാമത്

# പെരുവനം ആറാട്ടുപുഴ പൂരം 2020

ഏപ്രിൽ 02 - 05

മകീര്യം പുറപ്പാട് – മാർച്ച് 30

ചേർപ്പ് ഭഗവതി കൾച്ചറൽ & ഫെസ്റ്റിവൽ കമ്മിറ്റി

Reg. No. TSR/TC/791/2014

ബഹുമാന്യരെ,

കാലത്തിന്റെ അനുസ്യൂതമായ പ്രയാണത്തിലും മാറ്റത്തിന്റെ അനിവാര്യതകൾക്കിടയിലും ദേശത്ത് നിലനിൽക്കുന്ന സാംസ്ക്കാരിക അടയാളങ്ങളാണ് പൂരാഘോഷങ്ങൾ. പൂജാകർമ്മങ്ങളുടെ പരിപൂർണതയെ പിൻപറ്റി, ആചാരാനുഷ്ഠാനങ്ങളിൽ നീക്കുപോക്കുകളില്ലാതെ, താന്ത്രികവിധി വൈശിഷ്ട്യങ്ങളുടെ കർക്കശമായ കൃത്യതയോടെ നിറവേറ്റപെട്ടു വരുന്നതാണ് ചേർപ്പ് ഭഗവതിയുടെ അശ്വതി മുതൽ കൊടികുത്ത് വരെ നീളുന്ന പൂരാഘോഷചടങ്ങുകൾ.

ഇത്തരം ആഘോഷങ്ങൾ ജനമനസ്സുകളിൽ ഭക്തിയും ഓജസ്സും ശാന്തിയും പ്രദാനം ചെയ്യുമെന്നുള്ളത് അവിതർക്കിതം. ഉത്സവാഘോഷങ്ങൾ അതിന്റെ തനിമയും പഴമയും വിശുദ്ധിയും നിലനിർത്തിക്കൊണ്ട് അടുത്ത തലമുറയ്ക്ക് കൈമാറേണ്ടത് നമ്മൾ ഓരോരുത്തരുടേയും കടമയാണ്.

ജീവിതത്തിന്റെ നൈതിക താളവും ലയസൗഭാഗ്യങ്ങളും, ദയയുടെയും കാരുണ്യത്തിന്റെയും ആർദ്രതയും മാതൃത്വത്തിന്റെ മഹിത ഭാവങ്ങളും ചേർന്ന പാൽക്കടലാണ് ചേർപ്പ് ഭഗവതി. ഈ പാൽക്കടലിൽ അലിഞ്ഞ് വരദായിനിയുടെ അനുഗ്രഹാശ്ശിസുകൾ ഏറ്റുവാങ്ങാൻ താങ്കളുടെ സാന്നിദ്ധ്യ–സഹായ–സഹകരണങ്ങളാണ് സർവ്വ പ്രധാനമെന്ന വിനീതമായ ഓർമ്മപ്പെടുത്തലോടെ...


**കെ. രാജീവ് മേനോൻ**
ചെയർമാൻ
94472 54520

**വേണു പ്ലാക്കൽ**
ജനറൽ കൺവീനർ
94460 23324

**പ്രദീപ് ആത്ര**
ട്രഷറർ
9061569324

**എ. ഉണ്ണികൃഷ്ണൻ**
വൈസ് ചെയർമാൻ
94472 60740

**ഷിജീവൻ പട്ടത്ത്**
വൈസ് ചെയർമാൻ
99955 04366

**എം. സുജിത്ത് കുമാർ**
ജോ. കൺവീനർ
94958 03359

**കെ.എസ്. ഗിരീഷ്**
ജോ. കൺവീനർ
98474 43230






## ഭഗവതിയുടെ പൂരചടങ്ങുകൾ

| | | |
|---|---|---|
| കൊടിമരം നാട്ടൽ | 09 – 03 – 2020 | തിങ്കൾ |
| അശ്വതി വേല | 26 – 03 – 2020 | വ്യാഴം |
| മകീര്യം പുറപ്പാട് | 30 – 03 – 2020 | തിങ്കൾ |
| തിരുവാതിര ആറാട്ട് | 31 – 03 – 2020 | ചൊവ്വ |
| പുണർതം ആറാട്ട് (നറുകുളങ്ങര പൂരം) | 01 – 04 – 2020 | ബുധൻ |
| പെരുവനം പൂരം | 02 – 04 – 2020 | വ്യാഴം |
| ആയില്യം ആറാട്ട് | 03 – 04 – 2020 | വെള്ളി |
| മകം ആറാട്ട് | 04 – 04 – 2020 | ശനി |
| ആറാട്ടുപുഴ പൂരം | 05 – 04 – 2020 | ഞായർ |
| ഉത്രം പാട്ട് | 06 – 04 – 2020 | തിങ്കൾ |
| കൊടികുത്ത് പൂരം | 07 – 04 – 2020 | ചൊവ്വ |

# കൊടിമരം നാട്ടൽ

**2020 മാർച്ച് 9 തിങ്കൾ**
**(1195 – കുംഭം 25)**

കുംഭമാസത്തിലെ പൂരംനാളിലാണ് ക്ഷേത്രത്തിൽ കൊടിമരം നാട്ടുന്നത്. ദേശത്തെ കാരണവർ വടിയെറിഞ്ഞ് നിശ്ചയിക്കുന്ന ദിശയിലെ ഏറ്റവും ഉത്തമമായ കവുങ്ങ് വെട്ടിയെടുത്ത് കൊണ്ടുവന്ന് കൊടിമരമായി നാട്ടുന്നു. ഇന്നേക്ക് 28–ാം പക്കം ആറാട്ടുപുഴ പൂരം എന്ന് ചൊല്ലുന്ന വിളംബരത്തോടെ കൊടിമരം നാട്ടൽ ചടങ്ങ് പൂർത്തിയാകുന്നു.



# അശ്വതി വേല

**2020 മാർച്ച് 26 വ്യാഴം**
**(1195-മീനം 13)**

സ്വർണ്ണ പ്രഭ വിടർത്തി സുഗന്ധപൂരിതമായ അന്തരീക്ഷം തുളുമ്പി നിൽക്കുന്ന ക്ഷേത്ര പരിസരം. ശരണം ഗമിപ്പോർക്കെല്ലാം രോഗശമനം, ദാരിദ്ര്യ-ദുഃഖശമനം, വിദ്യാ വിജയം, മംഗല്യ ഭാഗ്യം ഇവ പ്രദാനം ചെയ്യുന്ന ആശ്രയ സാന്നിദ്ധ്യമായി ചേർപ്പ് ഭഗവതി വാണരുളുന്നു. മാതൃവാത്സല്യം ഭക്തർക്ക് അനുഭവഭേദ്യമാക്കി കൊടുക്കുന്ന സുദിനമാണ് അശ്വതി നാൾ.

| | | |
|---|---|---|
| കൊടിയേറ്റം | : | രാവിലെ 8.00 മണിക്ക് |
| വെളിച്ചെണ്ണ സമർപ്പണം | : | വൈകീട്ട് 4.30 മുതൽ |
| അശ്വതി പണം വെയ്ക്കൽ | : | വൈകീട്ട് 7 മുതൽ |
| തേങ്ങാമുറി വിളക്ക് | : | രാത്രി 8 മണിക്ക് |
| എഴുന്നെള്ളിപ്പ് – പഞ്ചാരി മേളം | : | രാത്രി 10.30 ന് |





# വെളിച്ചെണ്ണ സമർപ്പണം

(വൈകീട്ട് 4.30 മുതൽ)

ചേർപ്പ് ഭഗവതി ക്ഷേത്രത്തിലെ പ്രധാന വഴിപാട് വെളിച്ചെണ്ണയാണ്. മറ്റു ക്ഷേത്രങ്ങളിൽ നിന്ന് വിപരീതമായി ശ്രീകോവിലിനകത്തും വിളക്കുമാടത്തിലും മാത്രമല്ല പൂരക്കാലത്ത് പന്തത്തിന് പോലും വെളിച്ചെണ്ണ വേണമെന്ന് നിർബന്ധമാണ്. ഇന്നേ ദിവസം വെളിച്ചെണ്ണ സമർപ്പിച്ചാൽ തീർപ്പുകൽപിക്കാത്ത സങ്കടങ്ങളോ, അകറ്റി തരാത്ത വ്യാധി വ്യസനങ്ങളോ ഇല്ലെന്നതാണ് പരമ സത്യം.





# ചമയ സമർപ്പണം

**2020 മാർച്ച് 29 ഞായർ (1195 മീനം 16) വൈകീട്ട് 6ന്**

**രോഹിണി നാളിൽ ഭക്തജനങ്ങൾ പൂരത്തിന് ആവശ്യമായ ആന ചമയങ്ങൾ ദേവീ സവിധത്തിൽ സമർപ്പിക്കുന്നു.**


## ക്വാളിറ്റിയുടെയും മികച്ച സർവ്വീസിന്റെയും 18 വർഷങ്ങൾ

18 YEARS OF EXCELLENCE

5 YEARS WARRANTY

ഇൻവെർട്ടറുകളുടെയും റ്റ്യൂബുലർ ബാറ്ററികളുടെയും നിർമ്മാണരംഗത്തെ ആധികാരിക നാമമായ പവർ വാട്സ് ഇൻവെർട്ടറുകൾ സാധാരണക്കാരന്റെ ബഡ്ജറ്റിൽ ലഭിക്കുന്നു

ഉയർന്നു വരുന്ന കറന്റ് ചാർജിൽ നിന്ന് മോചനം സോളാർ ഇൻവെർട്ടറിൽ AC, മോട്ടോർ പമ്പ് , ഫ്രിഡ്ജ്, മിക്സി , ഇൻഡക്ഷൻ കുക്കർ, അയൺ ബോക്സ് എന്നിവ സുഗമമായി പ്രവർത്തിക്കുന്നു

സോളാർ വാട്ടർ ഹീറ്ററുകൾ കുറഞ്ഞ വിലയിൽ ഉയർന്ന ഗ്യാരണ്ടിയോടുകൂടി ഞൊടിയിടയിൽ ചൂടുവെള്ളം റെഡി

- സോളാർ പാനലുകൾക്ക് 20 വർഷം വാറന്റി
- ഏത് കമ്പനിയുടെ ഇൻവെർട്ടറുകളും കുറഞ്ഞ വിലയിൽ ക്വാളിറ്റി സർവീസ്
- സർവീസ് ചെയ്യുന്ന ഇൻവെർട്ടറുകൾക്ക് 1 വർഷം ഗ്യാരന്റി




POWER WATTS

Since 2002

Sivan : 9388553916

9400553916

04872347916



# മകീര്യം പുറപ്പാട്

**2020 മാർച്ച് 30 തിങ്കൾ (1195 മീനം17)**

പൂരാഘോഷങ്ങൾ ഐതിഹ്യങ്ങളുടേയും വിശ്വാസങ്ങളുടേയും കൂട്ടായ്മകളുടേയും ആഹ്ലാദങ്ങളുടേയും ഒത്തു ചേരലുകളാണ്. അതികഠിനമായ പകൽച്ചൂടിനുശേഷം മീന മാസത്തിലെ സൂര്യൻ പടിഞ്ഞാറൻ ചക്രവാളത്തിലേക്ക് പിൻവാങ്ങുമ്പോൾ ചേർപ്പ് ഭഗവതിയുടെ ക്ഷേത്ര മുറ്റത്ത് മേളച്ചൂടിന് ആരംഭമാകുന്നു. ഭക്തിയിലും പൂരലഹരിയിലും ഓരോ പൂരപ്രേമിയും ആറാടി നിൽക്കുന്ന നിമിഷത്തിൽ അതിമനോഹരങ്ങളായ ചമയങ്ങളാൽ അലംകൃതമായ തികഞ്ഞ ആനകളുടെ ശിരസ്സിലേറി മുല്ലമൊട്ട് തോൽക്കുന്ന പന്തങ്ങളുടെ ദീപ പ്രഭയിൽ ഭഗവതി ക്ഷേത്ര മതിൽക്കെട്ടിന് പുറത്തേക്ക് എഴുന്നെള്ളുന്നു. ദീപാലംകൃതമായ പടിഞ്ഞാറെ നടയിൽ പത്മശ്രീ പെരുവനം കുട്ടൻമാരാരുടെ നേതൃത്വത്തിൽ പാണ്ടിമേളം. മേളം കലാശിച്ചശേഷം നാദസ്വരത്തിന്റെ അകമ്പടിയോടെ വഴിനീളെ സ്വീകരണങ്ങൾ ഏറ്റുവാങ്ങി പെരുവനം തൊടുകുളത്തിൽ ആറാട്ട്. തിരിച്ച് വന്ന് ചേർപ്പ് ചിറ്റൂർ മനയ്ക്കലെ ആദ്യപറ സ്വീകരിച്ച് ചെറുചേനം ദേശത്തെ പറകൾക്കു ശേഷം അമ്പലപ്പിള്ളി മനയിൽ ഇറക്കിപൂജ. തുടർന്ന് സ്വക്ഷേത്രത്തിലേക്ക്....





## തിരുവാതിര ആറാട്ട്

**2020 മാർച്ച് 31 ചൊവ്വ (1195 – മീനം18)**

**മിത്രാനന്ദപുരം ക്ഷേത്രക്കുളത്തിൽ**

**ഇറക്കി പൂജകൾ**

ഇടപ്പലത്തുമന പെരുമ്പിള്ളിശ്ശേരി

ചിറ്റൂർമന പടിഞ്ഞാട്ടുമുറി

പഴേടത്ത് മന പടിഞ്ഞാട്ടുമുറി

## പുണർതം ആറാട്ട്

**2020 ഏപ്രിൽ 1 ബുധൻ (1195 മീനം19)**

നറുകുളങ്ങര ബലരാമക്ഷേത്രത്തിൽ മൂന്ന് ആനകളുടെ അകമ്പടിയോടെ പഞ്ചാരിമേളം. തുടർന്ന് ക്ഷേത്രക്കുളത്തിൽ ആറാട്ട്.






# THIS BEAUTIFUL HOME COULD BE YOURS

*Offered @ 25.50 Lakhs onwards*

**HILLARI HOMES**

- Contractors
- Builders
- Developers

6363026598
9747551080

Urgentlly require  Land/Plots for developing

# പെരുവനം പൂരം 2020

**ഏപ്രിൽ 2 വ്യാഴം**
**(1195 – മീനം20)**



ശ്രവണ സുന്ദരമായ പഞ്ചവാദ്യം കൊണ്ടും, മേളങ്ങൾ കൊണ്ടും, മനുഷ്യ ഹൃദയത്തെ ആനന്ദത്തിന്റെ പരകോടിയിൽ എത്തിക്കുന്ന പെരുവനം പൂരം. ഏതൊരു കലയും അതിന്റെ പൂർണ്ണതയിലേക്ക് എത്തുന്നത് ഏറ്റവും അനുയോജ്യമായ വേദിയിൽ മികച്ച കലാകാരന്മാരാൽ തൽപരരായ ആസ്വാദകർക്ക് മുൻപിൽ അവതരിപ്പിക്കുമ്പോഴാണ്. മേളങ്ങളുടെ കാര്യത്തിൽ അത് പെരുവനം തന്നെ.

ശാന്തസുന്ദരമായ പെരുവനം ഗ്രാമത്തിൽ മേളകലക്കായി തന്നെ പണിതീർക്കപ്പെട്ട നടവഴിയിൽ ദേവീ ദേവന്മാർ എഴുന്നെള്ളി മേളങ്ങൾ കൊട്ടിക്കയറുമ്പോൾ പെരുവനം പൂര പ്രേമികളുടെ സംഗമ കേന്ദ്രമാകുന്നു. പെരുവനം നടവഴി തന്നെയാണ് പെരുവനം പൂരത്തിന്റെ മാറ്റുകൂട്ടുന്നത്. പേരുകേട്ട ഏതു പൂരങ്ങൾക്കും 15 ഉരുട്ട് ചെണ്ടയിൽ കൂടുതൽ ഉണ്ടാകില്ല. 15 ഉരുട്ടു ചെണ്ടയുണ്ടെങ്കിൽ 7 ആനകൾക്ക് പാകമാണ്. ഇത് അടിസ്ഥാനമാക്കിയാണ് പെരുവനം നടവഴി നിർമ്മിച്ചിരിക്കുന്നത്. അതുകൊണ്ട് തന്നെ ഏഴാനകളും പതിനഞ്ച് ഉരുട്ട് ചെണ്ടകളോട് കൂടിയ മേളവും കൃത്യമായി ഒത്തുചേരുമ്പോൾ പെരുവനം പൂരത്തിന്റെ ആകർഷണീയത മറ്റു പൂരങ്ങളേക്കാൾ മുന്നിലാണ്.

തട്ടകത്തമ്മയായ ചേർപ്പ് ഭഗവതി രാത്രി 11 മണിയോടെ ക്ഷേത്രത്തിലെ വലിയ പാണിക്കു ശേഷം എഴുന്നെള്ളി തായംകുളങ്ങരയിൽ എത്തുന്നു. 3 ആനകളുടെ അകമ്പടിയിൽ പ്രമുഖ കലാകാരന്മാർ പങ്കെടുക്കുന്ന മേജർ സെറ്റ് പഞ്ചവാദ്യം. തുടർന്ന് മേക്കാവ് ഭദ്രകാളി ക്ഷേത്രത്തിന്റെ കിഴക്കേ നടയിലൂടെ പെരുവനം ക്ഷേത്രത്തിലേക്ക്, പാണ്ടിമേളം അകമ്പടി. ആനകളുടെ എണ്ണം ഏഴാകുന്നു. അയ്കുന്ന് ഭഗവതി ചേർപ്പ് ഭഗവതിയുടെ വലതുഭാഗത്ത് എഴുന്നെള്ളി പ്രദക്ഷിണമായി ശ്രീ പാർവ്വതിയുടെ നടയിലേക്ക് എത്തുന്നു. കുഴൽ പറ്റ്, കൊമ്പ് പറ്റ് എന്നിവയ്ക്ക് ശേഷം പുലർച്ചെ 4.30–ഓടു കൂടി പഞ്ചാരി മേളത്തിന്റെ ഈറ്റില്ലമായ പെരുവനം നടവഴിയിൽ പത്മശ്രീ പെരുവനം കുട്ടൻ മാരാരുടെ പ്രമാണത്തിൽ അങ്ങേയറ്റം നിഷ്കർഷയോടെ അഞ്ചാംകാലത്തിലെ താളം കൂട്ടിപിടിക്കൽ പോലും ഒഴിവാക്കി ചരിത്ര പ്രസിദ്ധമായ പഞ്ചാരിമേളം.

മേളം കൊട്ടികലാശിച്ച് പട്ടിണി ശംഖിന് ശേഷം ഭഗവതിമാരുടെ ആറാട്ട്. തുടർന്ന് പെരുവനം ക്ഷേത്രത്തിൽ അയ്കുന്ന് ഭഗവതിയുമായും ആറാട്ടുപുഴ ശാസ്താവുമായും ഉപചാരം ചൊല്ലി ഭഗവതി ക്ഷേത്രത്തിലേക്ക് തിരിച്ച് എഴുന്നെള്ളുന്നു.





പെരുവനം ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയിൽ വൈകീട്ട് 6 മണി മുതൽ ചേർപ്പ് ഭഗവതിയുടെ തനത് ക്ലാസിക്കൽ ശൈലിയിൽ പണി തീർത്ത ആനച്ചമയങ്ങളുടെ പ്രദർശനം ആസ്വാദകർക്കായി ഒരുക്കുന്നു.







## ആയില്യം ആറാട്ട്

2020 ഏപ്രിൽ 3 വെള്ളി
(1195 – മീനം21)
പിടിക്കപറമ്പ് ക്ഷേത്രക്കുളത്തിൽ
ഇറക്കി എഴുന്നെള്ളിപ്പ്
പിടിക്കപറമ്പ് ശിവക്ഷേത്രത്തിൽ

## മകം ആറാട്ട്

2020 ഏപ്രിൽ 4 ശനി (1195 – മീനം22)
പെരുവനം തൊടുകുളത്തിൽ
ഇറക്കി പൂജകൾ
പടിഞ്ഞാറേടത്തുമന പെരുവനം
കിരങ്ങാട് മന പെരുമ്പിള്ളിശ്ശേരി



# ആറാട്ടുപുഴ പൂരം 2020

**ഏപ്രിൽ 5 ഞായർ**
**(1195 – മീനം23)**



## കൂട്ടിയെഴുന്നെള്ളിപ്പ് പുലർച്ചെ 5 ന്

സുദീർഘമായ നാട്ടുവഴികളിലൂടെ നടന്ന് നീങ്ങി അതിരില്ലാതെ വ്യാപിച്ച് കിടക്കുന്ന പാടശേഖരങ്ങൾക്ക് നടുവിൽ, നോക്കെത്താദൂരത്തോളം നിറയുന്ന നിബിഡമായ ജനസഞ്ചയങ്ങളിൽ അലഞ്ഞും അലിഞ്ഞും ദേവ മേളക്ക് എത്തുന്ന എണ്ണിയാൽ ഒടുങ്ങാത്ത ഗജ സൗന്ദര്യങ്ങളുടെ മഹാമേളനം. അതാണ് ആറാട്ടുപുഴ പൂരം.

പുലർച്ചെ കിഴക്കൻ ചക്രവാളത്തിൽ അർക്കൻ കോലത്തിലും, തലേക്കെട്ടിലും പൊൻപ്രഭ വിടർത്തിക്കൊണ്ട് ഉദിച്ചുയരുമ്പോൾ പാണ്ടി മേളത്തിന്റെ രൗദ്ര താളങ്ങളെ പ്രണയിച്ചുകൊണ്ട് ആനകൾ നിര നിരയായി എഴുന്നെള്ളി നിൽക്കുന്ന കാഴ്ചാനുഭവം പകരുന്ന ഗമനതാളം ഏതൊരു പൂരപ്രേമിയേയും മത്തുപിടിപ്പിക്കും. പൂരദിവസം രാത്രി 1 മണിയോടുകൂടി ഭഗവതി പുറപ്പെടുന്നു. നാദസ്വരത്തിന്റെ അകമ്പടിയിൽ നാലും കൂടിയ വഴി, പണ്ടാരച്ചിറ, കൊറ്റംകുളങ്ങര ക്ഷേത്രം, തേവർ റോഡ് വഴി ആറാട്ടുപുഴയിൽ എത്തുന്നു. തുടർന്ന് പെരുവനം കുട്ടൻ മാരാരുടെ നേതൃത്വത്തിൽ പാണ്ടി മേളം ആരംഭിച്ച് തൃപ്രയാർ തേവരെ പ്രദക്ഷിണം ചെയ്ത് വലതുഭാഗത്തേക്ക് ഇറങ്ങി 35 ൽ പരം ഗജവീരന്മാരുടെ അകമ്പടിയോടെ അണിനിരക്കുന്നു. തത്സമയം ഊരകത്തമ്മത്തിരുവടി ചാത്തക്കുടം ശാസ്താവുമായി ചേർന്ന് ഇടതു ഭാഗത്ത് എഴുന്നെള്ളി അണിനിരക്കുന്നതോടു കൂടി വിശ്വ പ്രസിദ്ധമായ കൂട്ടിയെഴുന്നെള്ളിപ്പ് ആരംഭിക്കുന്നു. ഇഹലോകത്ത് സർവൈശ്വര്യവും പരലോകത്ത് വിഷ്ണു സായൂജ്യമായ മോക്ഷവുമാണ് കൂട്ടിയെഴുന്നെള്ളിപ്പ് ദർശിച്ചാലുള്ള ഫലം.

ലോകം മുഴുവനും ഉറ്റു നോക്കുന്ന ഒരു കാഴ്ച, ഒരു ചരിത്രം, സംസ്ക്കാരം, ആരാധന അതാണ് ആറാട്ടുപുഴ പൂരത്തിലെ കൂട്ടിയെഴുന്നെള്ളിപ്പ്. പുണ്യമായ ഈ ദർശനത്തിന് ശേഷം തേവർക്കും ഭഗവതിമാർക്കും മന്ദാരംകടവിൽ ആറാട്ട്. തുടർന്ന് ആറാട്ടുപുഴ ക്ഷേത്രത്തിൽ കൂട്ടപറകൾ സ്വീകരിച്ച് ശാസ്താവിന് ഉപചാരം ചൊല്ലി തിരിച്ച് ക്ഷേത്രത്തിലേക്ക് എഴുന്നെള്ളുന്നു.









# ഉത്രം പാട്ട്

**2020 ഏപ്രിൽ 6 തിങ്കൾ (1195 മീനം 24)**

ഉത്രം നാളിൽ രാത്രി 7 മണിയോടു കൂടി വലിയമ്പലത്തിൽ പ്രത്യേകം അലങ്കരിച്ച് വിതാനിച്ച സ്ഥലത്ത് ഭഗവതിയെ എഴുന്നെള്ളിച്ച് ബ്രാഹ്മിണി അമ്മ സ്തുതി ഗീതങ്ങൾ പാടുന്നു. പാട്ടിന് ശേഷം ഭഗവതിയെ ശ്രീലകത്തേക്ക് എഴുന്നെള്ളിക്കുന്നു.


## SHARE YOUR HAPPINESS WITH JOY

Like our Senior Citizen FD with higher interest rates

up to **8.50%***



SAVINGS BANK ACCOUNT @ **7%***

- Unlimited ATM usage*
- Minimum service charges*
- Access your account online24x7

ESAF Small Finance Bank, Cherpu Branch, APK Complex, Poochinnipadom, Cherpu P.O., Thrissur - 680 561, Kerala.

94953 12034

MEMBER global alliance for banking on values

Download our mobile app
GET IT ON Google Play | Download on the App Store

24x7 Toll Free: **1800-103-3723**
www.esafbank.com

/ESAFSmallFinanceBank
@ESAFBank

ESAF
ESAF SMALL FINANCE BANK

Regd. & Corp. Off.: ESAF Bhavan, Mannuthy P.O., Thrissur - 680 651, Kerala. Ph.: 0487 7123456

* Conditions apply. Rate as on 06/01/20 [ESFBG_21_06_01_20]



K.P. NAMBOODIRI'S
കെ.പി.നമ്പൂതിരീസ്
aeda
HERBAL HAND • BODY • FACE WASH
SOAP
NATURE
CLASSIC
NOURISHING
CLEAR & SOFT
PURIFYING
MOISTURIZING
Clear & Soft
Natural Green
ALOE VERA
Nature's Wonder,
Now for Oral Care...
Only ₹80/- 250 ml
Natural Salt (ഇന്തുപ്പ്)
ഹെർബൽ ടൂത്ത്പേസ്റ്റ്
ഹെർബൽ ജെൽ ടൂത്ത്പേസ്റ്റ്
ദന്തധാവനചൂർണ്ണം
100 % Vegetarian
മൗത്ത്‌വാഷ്
Herbal Mouthwash (Alcohol Free)
ആയുർവേദിക് ഹെയർ കെയർ ഓയിൽ
ആയുർവേദിക് ഹെയർ കെയർ ഷാംപൂ
ആയുർവേദിക് ആൻറി ഡാൻഡ്രഫ് ഷാംപൂ
ചെമ്പരത്തി താളി
Ayurvedic Hair Care
Back to Nature...
www.kpnamboodiris.com



ഏറ്റവും മികച്ച
വിലക്കുറവും, വിൽപ്പനാനന്തര
സേവനങ്ങളും
SMART PHONE
START
₹2999
LED TV 32"
₹5790
Including GST
SMART UHD ANDROID
LED TV 43"
including GST
₹24990
EMI 2499
4K UHD ANDROID
LED TV 65"
Including GST
₹49990
EMI ₹4166
1 TON INVERTER AC
EMI ₹1999 ₹23990
Including GST
100% Copper
5 Year
Warranty
REFRIGERATOR
₹9990
EMI ₹832
DOUBLE DOOR
REFRIGERATOR
₹18500
EMI ₹1541
₹6990
Including GST
WASHING
MACHINE
6.5 kg SEMI
AUTOMATIC
EMI 583
WASHING MACHINE
6.2kg
TOP LOAD
₹10990
EMI ₹915
FRONT LOAD
WASHING MACHINE
₹17990
EMI ₹1499
HOOD & HOB
EMI ₹833
₹25950
₹10990
CONVECTION
OTG
₹ 6490
₹3499
3PCS SET
KADAI
TAWA
FRY PAN
₹ 2550
₹999
MIXER GRINDER
FLAT 50% OFF
₹. 2999
₹ 1499
GLASS TOP 2 BURNER
₹ 3390
₹1990
FLAT 30% OFF
EDIFICE
CASIO
G-SHOCK
CASIO
GRINDER
2 LTR
₹2790
FREE LAPTOP
KITWORTH ₹2999
For All
Laptop
EMI ₹1750
GIFT ITEMS &
TOYS
FLAT 50% OFF
PURCHASE OF ANY BRANDED MOBILE ABOVE ₹10000 AND GET*
SAMSUNG
oppo
vivo
PAY ₹99 GET BLUETOOTH HEADSET WORTH ₹999
OR
PAY ₹99 GET BLUETOOTH SPEAKER WORTH ₹1499
OR
PAY ₹99 GET 10000MAH POWER BANK WORTH ₹1590
*FREE SCREEN REPLACEMENT
*Damage Protection
SCHEME AVAILABLE
ANY SMART PHONE FREE HEADSET
Redmi Mobiles Available
BAJAJ FINSERV
EMI FINANCE
HDB FINANCIAL SERVICES
From the trusted family of HDFC Bank Ltd.
CASH
BACK OFFER
BUY YOUR EMI CARD
NOW @ JUST 530/-
Req. proof: ID Proof, Pan, Bank Detais
FREE DELIVERY
FREE INSTALLATION*
3 FREE SERVICES FOR AC*
LG
SAMSUNG
AMSTRAD
Haier
LLOYD
BOSCH
SONY
Whirlpool
Panasonic
Carrier
IFB
MITSUBISHI HEAVY INDUSTRIES
SINCE 1989
DIGITAL
VENU'S
ARCADE
VENU'S
ALL SUNDAY'S OPEN
8606286600
DIGITAL ARCADE
KALATHODE | MANNUTHY | PATTURAIKKAL | WEST FORT | KODAKARA | CHAVAKKAD | VADAKKENCHERRY | IRINJALAKUDA





# അത്തം കൊടികുത്ത്

## പൂരം 2020

**ഏപ്രിൽ 7 ചൊവ്വ**
**(1195 – മീനം 25)**



ഉച്ചയ്ക്ക് 2 മണിയോടുകൂടി ഭഗവതി ക്ഷേത്രത്തിൽ നിന്ന് പുറപ്പെട്ട് തിരുവുള്ളക്കാവ് ക്ഷേത്രത്തിൽ എത്തുന്നു. പ്രദക്ഷിണം വെച്ച് കൊടിമരം തൊട്ട് പെരുവനം ക്ഷേത്രത്തിലേക്ക്. പെരുവനത്തപ്പനെ വലംവെച്ചശേഷം തിരിച്ച് എഴുന്നെള്ളി പുത്തൻകുളം പരിസരത്തെ നിറപറകൾ ഏറ്റുവാങ്ങി മൂന്ന് ആനകളുടെ അകമ്പടിയോടെ അടന്തമേളം ആരംഭിക്കുന്നു. മേളം കലാശിച്ച ശേഷം ക്ഷേത്രത്തിൽ പ്രവേശിച്ച് പ്രദക്ഷിണം. കോലം ഇറക്കി അശ്വതി നാളിൽ ഉയർത്തിയ കൊടിക്കൂറ അഴിച്ചതിന് ശേഷം ആന കൊടിമരം കുത്തി താഴെയിട്ട് കിഴക്കെ നടയിൽ കൊണ്ടിടുന്നു. അതോടെ ഒരു പൂരക്കാലം കൂടി ചരിത്രത്തിന്റെ ഏടുകളിലേക്ക്.






പെരുവനം ആറാട്ടുപുഴ
പൂരം
2020
പാറന്നൂർ നന്ദൻ
തിരുവേഗപ്പുറ പത്മനാഭൻ
തിരുവാണിക്കാവ് രാജഗോപാലൻ
പാറമേക്കാവ് കാശിനാഥൻ
വടകുറുമ്പക്കാവ് ദുർഗ്ഗാദാസൻ
തിരുവമ്പാടി കണ്ണൻ

# പൂരങ്ങൾക്ക് അണിനിരക്കുന്ന ഗജവീരന്മാർ



തിരുവമ്പാടി
ചന്ദ്രശേഖരൻ



അന്നമനട
ഉമാമഹേശ്വരൻ



ശങ്കരംകുളങ്ങര
മണികണ്ഠൻ



പാറമേക്കാവ്
ദേവീദാസൻ



തിരുവമ്പാടി
അർജുനൻ



അക്കിക്കാവ്
കാർത്തികേയൻ

# നാദവിസ്മയം തീർക്കുന്നവർ

## ഉരുട്ടുചെണ്ട



മേളകലാ ചക്രവർത്തി പത്മശ്രീ പെരുവനം കുട്ടൻമാരാർ, പെരുവനം സതീശൻ മാരാർ, പഴുവിൽ രഘു മാരാർ, ചൊവ്വല്ലൂർ മോഹനൻ, പെരുവനം ശങ്കരനാരായണൻ, പെരുവനം ഗോപകുമാർ, പെരുവനം അനിൽകുമാർ മുതൽപേർ.

## തിമില



ശ്രീ. ചോറ്റാനിക്കര സുഭാഷ് നാരായണൻ മാരാർ, പെരുവനം കൃഷ്ണകുമാർ, കീഴൂർ മധു, കൊടുന്തിരപ്പുള്ളി മനോജ്, ഉദയനാപുരം ഹരി, കലാമണ്ഡലം വിനയൻ, മുടിക്കോട് ഉണ്ണികൃഷ്ണൻ, മുടിക്കോട് ശ്രീജിത്ത്, പുതുക്കോട് ശരത് മുതൽ പേർ.

## വലന്തല



ശ്രീ. പെരുവനം ഗോപാലകൃഷ്ണൻ
ചെറുശ്ശേരി രാമദാസ്
അന്തിക്കാട് പത്മനാഭൻ
പെരുവനം പ്രകാശ് പിഷാരടി മുതൽപേർ

## മദ്ദളം



ശ്രീ. കല്ലേകുളങ്ങര കൃഷ്ണവാര്യർ, പെരുവനം ഹരിദാസ്, പനങ്ങാട്ടുകര പുരുഷോത്തമൻ, കലാമണ്ഡലം പ്രകാശ്, അക്കിക്കാവ് അനന്തകൃഷ്ണൻ, കലാമണ്ഡലം മധു മുതൽ പേർ.

## കുറുംകുഴൽ



ശ്രീ. വെളപ്പായ നന്ദനൻ
കൊമ്പത്ത് അനിൽകുമാർ
കൊമ്പത്ത് ചന്ദ്രൻ മുതൽപേർ

## താളം



ശ്രീ. മണിയംപറമ്പിൽ മണി
കുമ്മത്ത് നന്ദനൻ
പെരുവനം മുരളി മുതൽ പേർ

## കൊമ്പ്



ശ്രീ. കുമ്മത്ത് രാമൻകുട്ടി, പൈപ്പോത്ത് ഉണ്ണികൃഷ്ണൻ, കൊമ്പത്ത് ശശി, കോങ്ങാട് രാധാകൃഷ്ണൻ, തൃക്കൂർ അനിലൻ, കുമ്മത്ത് ഗിരീഷ് മുതൽ പേർ

## ഇടയ്ക്ക



ശ്രീ. തിരുവില്വാമല ഹരി
പെരുവനം വിനു പരമേശ്വരൻ മുതൽ പേർ.


ആശംസകളോടെ,

**CSC Bank**

CHERPU SERVICE CO-OPERATIVE BANK LTD. No. 3540
Branches : CHEVOOR, CHERPU (WEST), THAYAMKULANGARA, PERINCHREY
Ph : 2342225, 2340292

### വജ്ര ജൂബിലി
## സഹകരണ സൂപ്പർ മാർക്കറ്റ് A/c

ഹെഡ് ഓഫീസ് ബിൽഡിംങ്ങ് – പെരുമ്പിള്ളിശ്ശേരി Ph: 0487 2345185 csb3450@gmail.com
Working Hours 9 am - 9 pm. Open on all Sunday
വിശാലമായ പാർക്കിംഗ് സൗകര്യം ◆ എല്ലാവിധ ഡെബിറ്റ്/ ക്രെഡിറ്റ് കാർഡുകളും സ്വീകരിക്കുന്നു.
*ഗുണമേന്മയുടെയും വിലക്കുറവിന്റെയും വിസ്മയ ലോകം*

## നീതി മെഡിക്കൽ സ്റ്റോർ

ചേർപ്പ് – Ph : 2346142,

- 10% മുതൽ 25% വരെ വിലക്കുറവിൽ എല്ലാവിധ ഇംഗ്ലീഷ് മരുന്നുകളും ഇവിടെനിന്നും ലഭ്യമാണ്.
- മുതിർന്ന പൗരന്മാർക്ക് 2% കൂടുതൽ ഡിസ്കൗണ്ട്

പ്രവർത്തന സമയം രാവിലെ 7 മുതൽ രാത്രി 12 വരെ

## നീതി ക്ലിനിക്കൽ ലാബ്

തായംകുളങ്ങര, ഫോൺ : 7025122016
Multi level Quality Control Checking through Randox, United Kingdom **Working Hours 7 am - 6.30 pm | Sunday 7 am - 1 pm**

പൂർണ്ണമായും കമ്പ്യൂട്ടറൈസ്ഡ് ചെയ്ത ആധുനിക ലബോറട്ടറി, IMA അപ്രൂവ്ഡ് അഫിലിയേറ്റഡ് ലബോറട്ടറി. യോഗ്യരും പരിചയ സമ്പന്നരുമായ ടെക്നീഷ്യൻമാർ (മെഡിക്കൽ കോളേജ്, DMLT)

മികച്ച സേവനം, മികച്ച കൃത്യത, മിതമായ നിരക്കുകൾ,
ഹോം സർവ്വീസ് ലഭ്യമാണ് – Ph : 7025122016

സി.എൻ. ഗോവിന്ദൻകുട്ടി – പ്രസിഡണ്ട്    എം. എസ്. രേഖ – സെക്രട്ടറി

## 2019 ലെ പൂരങ്ങൾക്ക് ചമയം സമർപ്പിച്ചവർ

**ആനപ്പുറം**
ശ്രീ. മുണ്ടാരപ്പിള്ളി ശങ്കരൻ നമ്പൂതിരി
ശ്രീ. പ്രസാദ് തിരുമേനി

**നാദസ്വരം**
ശ്രീ. സതീശൻ വല്ലച്ചിറ

**കൈവിളക്ക്**
ശ്രീ. മുരളി കരുവന്തല

**ദീപാലങ്കാരം**
ക്ലാസിക് സൗണ്ട്, തിരൂർ

**പന്തൽ**
അനിഴം പന്തൽ വർക്ക്സ്, ചേർപ്പ്

**ഫോട്ടോസ്**
പ്രഭ ചേർപ്പ് (ഇലക്ട്രോണിക്ക സ്റ്റുഡിയോ)
ശിവൻ ആത്ര

**നോട്ടീസ് ഡിസൈൻ & പ്രിന്റിംഗ്**
കണ്ണൻ, ശ്രുതി പ്രിന്റേഴ്സ്, കാനാട്ടുകര

**പട്ടുകുട**
ആതിര രാജീവ് - മഹാലക്ഷ്മി രാജീവ്
ഡോ. പി. എൻ. രാധ, ആതിര ഗോപിനാഥ് പൊറാടത്ത് ഹൗസ്,
ഗീത സിദ്ധാർത്ഥൻ വിളമ്പത്ത് ഹൗസ്, ഗോപിനാഥ് അകത്തേ പറമ്പിൽ,
രവി എടയപുറത്ത്, ഉണ്ണി ദേവി നിവാസ്, വിപിൻ പൈപ്പോത്ത്,
അഭിലാഷ് പെരുവനം, പാറുക്കുട്ടിഅമ്മ ആത്ര,
ബൈജു തിരുവില്ലക്കാവ്, സുരേഷ് ഇരിങ്ങാലക്കുട

**ആലവട്ടം**
പ്രഭ ചിയാൻകോവിൽ ഹൗസ്, രാജേഷ് പേരാമരത്ത്,
സുശീല പോഴത്ത് ഹൗസ്, നാരായണൻ ചേന്ദക്കാട്,

**കുടിവെള്ളം**
കൊഞ്ചൽ, നിർമ്മൽ ഇൻഡസ്ട്രീസ്

**പുഷ്പാലങ്കാരം**
ആർ.എം.ആർ. ഫ്ളവേഴ്സ്, തൃശ്ശൂർ

## ക്ഷേത്രത്തിലെ പ്രധാന വഴിപാടുകൾ

**വെളിച്ചെണ്ണ സമർപ്പണം, ചതുശ്ശതം നിവേദ്യം, നിറമാല**

### തിരുവോണ പൂജ

മംഗല്യത്തിനും, നെടുമംഗല്യത്തിവും, സർവ്വൈശ്വര്യത്തിനും വേണ്ടിയുള്ള തിരുവോണപൂജ എല്ലാ മാസവും തിരുവോണ നാളിൽ ദീപാരാധനയ്ക്ക് ശേഷം നടത്തുന്നു.

### ഭൂമി പൂജ

ഭൂമി സംബന്ധമായ പ്രശ്നപരിഹാരങ്ങൾക്കായുള്ള ഭൂമി പൂജ എല്ലാ ചൊവ്വ, വെള്ളി, ഞായർ ദിവസങ്ങളിൽ രാവിലേയും തിരുവോണ പൂജ സമയത്തും നടത്തുന്നു.



# ചേർപ്പ് ഭഗവതി കൾച്ചറൽ & ഫെസ്റ്റിവൽ കമ്മിറ്റി ഭാരവാഹികൾ

| | | |
|---|---|---|
| ചെയർമാൻ | – | കെ. രാജീവ് മേനോൻ |
| ജനറൽ കൺവീനർ | – | വേണു പ്ലാക്കൽ |
| ട്രഷറർ | – | പ്രദീപ് ആത്ര |
| വൈസ് ചെയർമാൻമാർ | – | എ. ഉണ്ണികൃഷ്ണൻ, ഷിജീവൻ പട്ടത്ത് |
| ജോയിന്റ് കൺവീനർമാർ | – | എം. സുജിത്ത്കുമാർ, കെ. എസ്. ഗിരീഷ് |

## അംഗങ്ങൾ

ടി.വി. ശേഖരൻകുട്ടി, പി. ആർ. സുഭാഷ്, സുനിൽകുമാർ വരാപ്പുഴ, ശശി കോന്നങ്ങത്ത്, സി. കെ. ശിവശങ്കരൻ, മോഹനൻ കെ., രാജു കടാമ്പുഴ, പി. അനിൽകുമാർ മാസ്റ്റർ, പി. ഉണ്ണികൃഷ്ണൻ, നാരായണൻകുട്ടി (നിതാവിഹാർ), സുനിൽദാസ് ആത്ര, സുരേഷ് തേങ്കാട്ടിൽ, ജിനേഷ് ആത്ര, ശരത് എൻ, അർജ്ജുനൻ കോന്നങ്ങത്ത്, കെ. കൃഷ്ണപ്രസാദ്, ജയകൃഷ്ണൻ, കെ. നന്ദുകൃഷ്ണൻ, വിഷ്ണുമേനോൻ, അനിൽകുമാർ സി., വിഷ്ണു കോന്നങ്ങത്ത്, രാഹുൽ അച്യുതൻ, വിനു കണ്ണേമ്പത്ത്, അനീഷ് കെ, ജയൻ പെരുമ്പിടി, അരുൺദാസ്, ശ്രീകുമാർ, കൃഷ്ണകുമാർ, ബിനോയ്, അർജുൻ പൊറാടത്ത്, കെ. വിജയൻ, മോഹനൻ ആത്ര

## ആദരാഞ്ജലികൾ




**രാമചന്ദ്രൻ**
ക്ഷേത്രം ജീവനക്കാരൻ

## വിശദവിവരങ്ങൾക്ക്


**ചേർപ്പ് ഭഗവതി ക്ഷേത്രം, ചേർപ്പ് പടിഞ്ഞാട്ടുമുറി,
തൃശ്ശൂർ – 680 561 ഫോൺ : 0487 2348500,
മൊബൈൽ : 94460 23324,
E-mail : cherpubhagavathypooram@gmail.com**

**ഡിഡി, ചെക്ക് എന്നിവ
കൺവീനർ, ചേർപ്പ് ഭഗവതി കൾച്ചറൽ & ഫെസ്റ്റിവൽ കമ്മിറ്റി
എന്ന പേരിൽ എടുക്കേണ്ടതാണ്
SB അക്കൗണ്ട് നമ്പർ : 32834575928, IFS Code : SBIN0008606
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ചേർപ്പ് ബ്രാഞ്ച്**

# ഗൗരീദേവി പുരസ്കാരം കുമ്മത്ത് രാമൻകുട്ടിനായർക്ക്

**മകീര്യം പുറപ്പാട് ദിവസം (2020 മാർച്ച് 30 തിങ്കളാഴ്ച) വൈകീട്ട് ചേർപ്പ് ഭഗവതി ക്ഷേത്ര നടയിൽ വെച്ച് സമർപ്പിക്കുന്നു.**



തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ദേശത്ത് കുമ്മത്ത് വീട്ടിൽ മീനാക്ഷി അമ്മയുടേയും കോന്നങ്ങത്ത് രാമൻ നായരുടേയും മകനായി 1954–ൽ ആണ് ജനിച്ചത്. വളരെ ചെറുപ്പത്തിൽ തന്നെ വാദ്യ കലകളോട് തൽപരനായി ഈ രംഗത്തേക്ക് തിരിഞ്ഞു. പ്രശസ്ത കലാകാരൻ കൊടകര കല്ലേങ്ങാട് രാമൻ നായരുടെ ശിഷ്യത്വം സ്വീകരിച്ച് കൊമ്പ് വാദ്യം അഭ്യസിച്ചു തുടങ്ങി. തുടർന്ന് വാദ്യകല ആചാര്യൻ മച്ചാട് അപ്പു നായരുടെ കീഴിലും വാദ്യകല കൂടുതലായി അഭ്യസിച്ചു. പാനയ്ക്ക് വേണ്ടതായ പറ ചെണ്ട ആത്ര ഗോവിന്ദൻ നായരുടെ കീഴിലും കുമരപുരം അപ്പുമാരാരിൽ നിന്ന് മേളത്തിന് ആവശ്യമായ പാഠഭാഗങ്ങളും കുറച്ചു നാൾ ചെണ്ടയും അഭ്യസിച്ചിട്ടുണ്ട്. 1966 ൽ കൊടകര നന്തിപുലം പയ്യൂർക്കാവ് ക്ഷേത്രത്തിൽ കൊമ്പ് പറ്റ് അവതരിപ്പിച്ചാണ് അരങ്ങേറ്റം. പിന്നീട് തന്റെ ഗുരുനാഥന്മാരോടൊപ്പം ഉത്സവവേദികളിൽ സജീവമായി പങ്കെടുത്തു തുടങ്ങി.

1968 – 69 മുതൽ വിശ്വപ്രസിദ്ധമായ തൃശ്ശൂർ പൂരം, ആറാട്ടുപുഴ പൂരം, പെരുവനം പൂരം, ഇരിങ്ങാലക്കുട, തൃപ്പൂണിത്തുറ, ഗുരുവായൂർ മുതലായ പ്രസിദ്ധങ്ങളായ ഒട്ടനവധി ഉത്സവവേദികളിലും പതിവുകാരനായി പങ്കെടുത്തു തുടങ്ങി. 1976 മുതൽ തൃശ്ശൂർ, തിരുവനന്തപുരം റേഡിയോ നിലയങ്ങളിൽ അംഗീകൃത കലാകാരനായി കൊമ്പ് പറ്റ് നടത്തിവരുന്നു. 1977 – 78 മുതൽ ഗുരുകുല സമ്പ്രദായ പ്രകാരം നിരവധി കുട്ടികളെ വീട്ടിലും മറ്റു സ്ഥലങ്ങളിലുമായി അഭ്യസിപ്പിച്ച് ഈ വാദ്യകലാരംഗത്ത് പ്രഗൽഭരാക്കാൻ സാധിച്ചിട്ടുണ്ട്. 1990 മുതൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് നടത്തിവരുന്ന വൈക്കം ക്ഷേത്ര കലാപീഠത്തിൽ അധ്യാപകനായി. 2006 മുതൽ പ്രധാന അധ്യാപകനായി. 2014 ൽ റിട്ടയർ ചെയ്തു. തുടർന്ന് വാദ്യ കലാരംഗത്ത് തന്റെ സഹവർത്തികളോട് ഒപ്പം സജീവമായി പങ്കെടുത്തുവരുന്നു. അഖില കേരള മാരാർ ക്ഷേമസഭ പുരസ്കാരവും, ബോംബൈ കേരള സംഘടന സുധാംശു പുരസ്കാരവും, വൈക്കത്തപ്പൻ പുരസ്കാരവും, കൊമ്പുവാദ്യ പ്രജാപതി പുരസ്കാരവും കാലടി പഞ്ചവാദ്യ ആസ്വാദക സ്വർണ്ണ പതക്കവും അദ്ദേഹം നേടിയ അംഗീകാരങ്ങളിൽ ചിലത് മാത്രം. ചെറുശ്ശേരി ചരലിയിൽ രാധമ്മയാണ് സഹധർമ്മിണി. മക്കൾ അജിത, രജിത. ആറാട്ടുപുഴയിൽ താമസം.


അടുത്ത പ്രൊജക്റ്റിലേക്ക് കടക്കുന്നതിനുമുമ്പ് ഞങ്ങളെ സമീപിക്കൂ...
കേവലഭംഗിക്കുമപ്പുറം ഫങ്ഷണാലിറ്റി, ഏസ്തെറ്റിക്ക്സ് ,
എന്നീ ആശയങ്ങളെ മുൻനിർത്തി നിങ്ങളുടെ സ്വപ്നങ്ങൾക്ക് ജീവൻ നൽകുന്നു.



SUMAYYA SALIH ARCHITECTS

SALIH A S
CHIEF DESIGNER

SUMAYYA SALIH
ARCHITECT

ARCHITECTURE | INTERIOR
PLANNING | DESIGNING | CONSULTING | CONTRACTING
RESIDENTIAL | COMMERCIAL | 3D VISUALS | LANDSCAPING | PERMIT DRAWING

SUMAYYASALIH ARCHITECTS
19/388 IJ , 1ST FLOOR
DIYA COMPLEX, CHERPU WEST
THRISSUR KERALA INDIA

sumayyasalih.arch@gmail.com
salih.arch.des@gmail.com

+91 9995 420 456 , +91 9388 323 323 , +91 7034 297 029

sumayyasaliharchitects

# പെരുവനം അപ്പുമാരാർ സ്മാരക പുരസ്കാരം

# ശ്രീ കല്ലേക്കുളങ്ങര കൃഷ്ണ വാരിയർക്ക്

**2020 ഏപ്രിൽ 03 വെള്ളിയാഴ്ച രാവിലെ 7.30ന്**

**പെരുവനം നടവഴിയിൽ ചേർപ്പ് ഭഗവതിയുടെ പഞ്ചാരിമേളം കൊട്ടിക്കലാശിച്ച ശേഷം സമർപ്പിക്കുന്നു.**



മദ്ദളം എന്ന വാദ്യത്തെ തനതു പ്രകടന ഭാവത്തിലൂടെ അനുപേക്ഷണീയ വാദ്യമെന്ന അതുല്യ സ്ഥാനത്തേക്ക് ഉയർത്തിയ കലാകാരന്മാരിൽ പ്രഥമ സ്ഥാനീയനാണ് ശ്രീ. കല്ലേക്കുളങ്ങര കൃഷ്ണവാരിയർ. സമ്പൂർണമായ അർപ്പണ ബോധവും ചിട്ടയായ സാധകം വഴി രൂപപ്പെടുത്തിയ മദ്ദള വാദനത്തിലൂടെ സ്വന്തമായ ആരാധകവൃന്ദത്തെ സൃഷ്ടിച്ചെടുക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. പാലക്കാട് കല്ലേക്കുളങ്ങര ദേശത്ത് തിരുവമ്പല വാരിയത്ത് രാഘവ വാരിയരുടേയും പുളിങ്കാവിൽ വാരിയത്ത് പാറുക്കുട്ടി വാരസ്യാരുടേയും രണ്ടാമത്തെ മകനായി 1955ൽ ജനനം. സ്കൂൾ വിദ്യാഭ്യാസ കാലത്ത് കല്ലേക്കുളങ്ങര ഗോവിന്ദ മാരാരുടെ ശിക്ഷണത്തിൽ ചെണ്ട പഠിച്ചുകൊണ്ടാണ് കലാരംഗത്തേക്ക് പ്രവേശിച്ചത്. 1974 മുതൽ പ്രശസ്ത മദ്ദള വിദ്വാൻ വടക്കുമ്പാട്ട് ബാലകൃഷ്ണൻ നായരുടെ ശിക്ഷണത്തിൽ മദ്ദളം അഭ്യസിച്ചു. 1979ൽ പാലക്കാട് വടക്കന്തറ രാമപുരം വിഷ്ണുക്ഷേത്രത്തിൽ അരേങ്ങേറ്റം നടത്തി. പിന്നീട് ചെർപ്പുളശ്ശേരി ശിവന്റെ കീഴിൽ ഉപരിപഠനം. കേരളത്തിലെ പ്രധാനപ്പെട്ട വേലകൾ, പൂരം, ആഘോഷങ്ങൾ എന്നിവയിലെല്ലാം നിറ സാന്നിദ്ധ്യമായ കൃഷ്ണ വാരിയർ, തൃശ്ശൂർ പൂരത്തിന് തിരുവമ്പാടി – പാറമേക്കാവ് വിഭാഗങ്ങളിൽ പഞ്ചവാദ്യത്തിന് പങ്കെടുത്തിട്ടുണ്ട്. അതിൽ തിരുവമ്പാടിയുടെ മഠത്തിൽ വരവ് പഞ്ചവാദ്യത്തിന് പ്രമാണിയായി 19 വർഷം പ്രവർത്തിച്ചിട്ടുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി പെരുവനം പൂരത്തിന് ചേർപ്പ് ഭഗവതിയുടെ പഞ്ചവാദ്യത്തിന് മദ്ദളത്തിൽ പ്രമാണം വഹിച്ചുവരുന്നു. തൃശ്ശൂർ തിരുവമ്പാടി സുവർണ്ണ മുദ്ര, മുല്ലയ്ക്കൽ ഭരണി നെല്ലുവായ് ദേശത്തിന്റെ സുവർണ്ണ മുദ്ര, ചാലക്കുടി വേലുപ്പിള്ളി സുവർണ്ണ മുദ്ര, കലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാൾ ട്രസ്റ്റിന്റെ കലാസാഗർ അവാർഡ് തുടങ്ങി അനേകം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. സഹധർമ്മിണി സരളാദേവിയോടും മക്കളായ ശ്രീദേവി, ശ്രീനന്ദിനി, സച്ചിദാനന്ദൻ എന്നിവരോടൊത്ത് പാലക്കാട് കല്ലേക്കുളങ്ങരയിൽ സ്ഥിരതാമസം.


# SAY YES ACADEMY

*A sincere learning experience beyond teaching*



**102 Full A+ winners in SSLC, HSE, CBSE 2019**

**2020-21 വർഷത്തേക്കുള്ള വെക്കേഷൻ ക്ലാസുകൾ ഏപ്രിൽ 1 ന് ആരംഭിക്കുന്നു**

**V-XII STATE & CBSE**

**പെരുമ്പിള്ളിശ്ശേരി, തൃപ്രയാർ**

**Ph : 9946209711, 8086325499, 9142942828**

# Ample
Facility Management Service

## INFRASTRUCTURAL FACILITY MANAGEMENT

- Housekeeping (For Commercial & Residential Buildings)
- Maintenance and Glass Cleaning
- Facades and Exterior Cleaning
- Landscaping Services
- Pest Control Services
- Waste Treatment Service
- Water Treatment Service
- Moving Services (Household Shifting)
- Travel Assistance
- Janitorial Services
- CCTV Surveillance Service


## TECHNICAL FACILITY MANAGEMENT SERVICE

**Construction**

- Building Renovation & Maintenance
- Electrical works
- Plumbing Works
- Carpentry Works
- Interior Design
- Fire Protection

**Consultancy Service**

- Real estate Management
- Documentation
- Costing and Feasibility Report
- Projects Design (Architectural & Structural)



Door No.28/85/57/4, 3rd Floor, Capital Towers, Patturaikkal, Thrissur-680022
Off: 0487-2335636, Mob: 9562 833 331, 9605 733 336
Email: amplefacilitymanagement@gmail.com, Web: www.amplefacilitymanagement.com

# MR.COOL AIR CONDITION & MASTER COOL SERVICE CENTRE

Authorised Sales & Service

**PMK Complex, CHERPU WEST**

Mob:8086 405 454,8594 005 454

എല്ലാവിധ ഫ്രിഡ്ജ്,എയർകണ്ടീഷണർ,വാഷിങ്ങ് മെഷീൻ റിപ്പയറിങ്ങ് &മെയ്റ്റനൻസ്.
എല്ലാവിധ എയർകണ്ടീഷണർ ബെസ്റ്റ് &ഹൈക്വാളിറ്റി ഇൻസ്റ്റാലേഷൻ &സർവ്വീസിങ്ങ്

**ALL TYPES OF AC AVAILABLE HERE**

- Competetive Rate
- Trained Technicians
- Excellent After Care Service
- Split,Cassette,Tower,Ductable & VRF System



0% INTEREST BAJAJ FINSERV EMI FINANCE

AUTHORISED SERVICR DEALER

MITSUBISHI HEAVY INDUSTRIES AIR CONDITIONING
HITACHI Inspire the Next
Godrej
Panasonic




*With Best Compliments*

## THE KONDAZHY SERVICE CO-OPERATIVE BANK LTD. NO. 678

**P.O. KONDAZHY, THRISSUR DT. PIN 679 106**

E-mail : kondazhyscb@gmail.com

**Core Banking Facility Available**

**H.O. Kondazhy**
**Ph : 04884 286221**

**Branches :**
**Mayannur Ph : 286 979**
**Chelakkode Ph : 253 800**

**Our Services**

- Attractive interest rate for fixed deposit
- ½ % more interest for senior citizens
- Saving bank accounts with 4.5% interest
- Recurring deposit and monthly deposit scheme
- Gold loan with low interest
- Short term and Long term loan with low interest
- Agricultural loan with 7% interest
- Neethi Store
- Mannure sales

**Class One Bank**

**Fully Computerised**

**President**
**K Radhakrishnan**

**Secretary**
**C M Leena**

A Brahmins touch product




AVAILABLE AT ALL LEADING HYPERMARKETS, SUPERMARKETS & RETAIL OUTLETS IN KERALA. ALSO PURCHASE ONLINE AT: amazon bigbasket

# One-Stop Solutions on the best terms

- Gold Loans
- Foreign Exchange
- Money Transfer

Call 1800 102 0555
www.unimoni.in



sruthi 9961214099

unimoni